**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3087** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങൾ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. നിരത്തുവിഭാഗം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനു കീഴിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ കൈയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ, KWA , KSEB, ടെലികോം കമ്പനികൾ എന്നിവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിൽ വരുന്ന കാലതാമസം, കാലവർഷം, കോവിഡ് 19 മാനദണ്ഡം എന്നിവ കാരണം നിർമ്മാണ മേഖലയിൽ ഉണ്ടായ തടസ്സങ്ങൾ മൂലം മരാമത്ത് പണികൾ തടസ്സപ്പെട്ടുന്നുണ്ട്. എല്ലാ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തപ്പെടുന്നതിനു പുറമേ ഉന്നത ഉദ്യോഗസ്ഥർ ആവശ്യകത അനുസരിച്ച് പ്രവൃത്തി സ്ഥലം സന്ദർശിക്കുകയും കാലാകാലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ, കരാറുകാർ, ഉദ്യോഗസ്ഥർ എന്നിവരുടെ അവലോകന യോഗം നടത്തുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി 13.09.2021 ലെ സ.ഉ(സാധാ) നമ്പർ 829/2021/പി.ഡബ്ല്യൂഡി പ്രകാരം District Infrastructure Co-ordination Committee –കൾ രൂപീകരിച്ചിട്ടുണ്ട്. മതിയായ കാരണങ്ങൾ ഇല്ലാതെ പ്രവൃത്തി കാലാവധിക്കുള്ളിൽ |

പൂർത്തീകരിക്കാത്ത കരാറുകാരുടെ കാലാവധി പിഴയോട്ടുകൂടി ദീർഘിപ്പിച്ച നൽകുന്നു. എന്നാൽ തുടർന്നും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ തന്നെ നഷ്ടോത്തരവാദിത്തത്തിൽ കരാർ ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുകയും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. പാലങ്ങൾ വിഭാഗം പൊതുമരാമത്ത് പാലങ്ങളുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാറുണ്ട്. പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുപ്പ് കോടതി വ്യവഹാരം മൂലം നീണ്ടു പോകുന്നതുകൊണ്ടും Utility shifting - ൽ വരുന്ന കാലതാമസവും അതിവർഷം മൂലം ഹൈ ഫ്ളഡ് ലെവലിലുള്ള ഉയർച്ച കൊണ്ട് ഡിസൈനിൽ ഉണ്ടാകുന്ന മാറ്റം കൊണ്ടും പാലങ്ങളുടെ നിർമ്മാണം പൂർത്തീയാക്കുന്നതിന് താമസം നേരിടാറുണ്ട്. പ്രവൃത്തിയിൽ വീഴ്ച വരുത്തുന്ന കരാറുകാരുടെ കരാർ റദ്ദ് ചെയ്ത് ബാക്കി പ്രവൃത്തി വീണ്ടും ടെണ്ടർ നടത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. പൂർത്തീകരണ കാലാവധി നിശ്ചയിച്ചുകൊണ്ടാണ് ടെണ്ടർ നൽകുന്നത്. നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കാറുണ്ട്. പ്രവൃത്തി കാലാവധി നീട്ടികൊണ്ടു പോകുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി വ്യക്തമായ കാരണങ്ങളില്ലാതെ പൂർത്തീകരണ സമയ പരിധി നീട്ടുന്നതിനുവേണ്ടി കരാറുകാരൻ ആവശ്യപ്പെടുന്ന പക്ഷം പിഴ ഈടാക്കാറുണ്ട്. സമയ ക്ലിപ്തത പാലിക്കുന്നതിനായി മരാമത്ത് പ്രവൃത്തികളുടെ അവലോകന യോഗങ്ങൾ കൃത്യമായ ഇടവേകളിൽ സർക്കാർ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടത്താറുണ്ട്. കെട്ടിടവിഭാഗം. കെട്ടിടത്തിനുള്ള സ്ഥല ലഭ്യത പ്രവൃത്തിയേറ്റെടുക്കുമ്പോൾ തന്നെ ഉറപ്പുവരുത്തുന്നുണ്ട്. പ്രവൃത്തിയുടെ എഗ്രിമെന്റ് നടത്തി 10 ദിവസത്തിനുള്ളിൽ സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്നുണ്ട്. Rate of Progress of work chart തയ്യാറാക്കി എഗ്രിമെന്റിൽ ഉൾപ്പെടുത്താറുണ്ട്. പ്രവൃത്തി ആരംഭിച്ച് പുരോഗമിക്കുന്ന മുറയ്ക്ക് Structural Drawing നൽകി വരുന്നുണ്ട്. വിവിധ തലങ്ങളിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്താറുണ്ട്. കെട്ടിട നിർമ്മാണ വുമായി ബന്ധപ്പെട്ട് കരാറുകാരനുമായുള്ള ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനു ഒരു നിശ്ചിത കാലാവധി നിർണ്ണയിക്കാറുണ്ട്. കരാറുകാരന്റെ വീഴ്ചമൂലം നിശ്ചിത കാലാവധിക്കപ്പുറം പ്രവൃത്തി നീണ്ടുപോവുക

| | | | |
|---|---|---|---|
| | | | യാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാറുണ്ട്. ആവശ്യമെങ്കിൽ കരാർ റദ്ദ് ചെയ്ത് റീ ടെണ്ടർ നടത്താറുണ്ട്. ദേശീയപാതാ വിഭാഗം പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അവലോകനയോഗങ്ങൾ നടത്തി പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും, മേലുദ്യോഗസ്ഥൻ സൈറ്റ് വിസിറ്റ് നടത്തുകയും ചെയ്തുകൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നു. |

സെക്ഷൻ ഓഫീസർ